# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *684 11/07/2014 ൽ മറുപടിക്ക്

### എസ്. എ സ്. എ . സംയോജിത വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ഡോ. കെ. ടി . ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്.എസ്.എ. സംയോജിത വിദ്യാഭ്യാസപദ്ധതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; | എ) സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മറ്റുകുട്ടികളോടൊപ്പം മുഖ്യധാരയിലെത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. |
| ബി) പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ യഥാസമയം നിയമിക്കാത്തതിനാൽ ഭിന്നശേഷി യുള്ള കുട്ടി കൾക്ക് സാധാരണ വിദ്യാലയങ്ങളിൽ പഠനം ശരിയായരീതിയിൽ നടത്താൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | ബി) സർവ ശിക്ഷാ അഭിയാന്റെ ബ്ലോക്ക് റിസോഴ്സ് തലത്തിൽ നിയമിതരാകുന്ന റിസോഴ്സ് അധ്യാപകർ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ടി കുട്ടികളെ പഠിപ്പിക്കുന്നതിനായി അധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. സർവ ശിക്ഷാ അഭിയാനുകീഴിലുള്ള റിസോഴ്സ് അധ്യാപകരെ 2014-15 സ്കൂൾ വർഷം തുടങ്ങുന്നതിനുമുമ്പു തന്നെ നിയമിക്കുയുണ്ടായി. |
| സി) എയ്ഡഡ് പദവിക്കായി 100 ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ തികയ്ക്കാനായിട്ടുള്ള ശ്രമം പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കാതെയും കുട്ടികൾക്ക്വേണ്ടത്ര ശ്രദ്ധ കിട്ടാതെയും പോകുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | സി) എയ്ഡഡ് പദവി നൽകുന്നത് ടി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമായുള്ള നയപരമായ തീരുമാനമാണ്. |

സെക്ഷൻ ഓഫീസർ